## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1281

21.03.2013-ൽ മറുപടിയ്ക്ക്

### പൊതുമരാമത്ത് ജോലികൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. എം. ഹംസ: | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പണികൾ കൃത്യസമയത്ത് പൂർത്തിയാക്കാത്തത് മൂലമുണ്ടാകുന്ന ധനനഷ്ടവും, ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് പി.ഡബ്ള്യു.ഡി മാന്വലിൽ മതിയായ നിയമങ്ങൾ നിലവിലുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി നിലവിൽ നിയമങ്ങളുണ്ട്. |
| (സി) നിർമ്മാണ പ്രവൃത്തികൾ കൃത്യസമയത്തു പൂർത്തിയാക്കാത്തതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (സി) പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ നടപ്പിൽ വരുത്തുന്നതിന് വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിലുണ്ടാകുന്ന (കോടതി നടപടികളും മറ്റും മൂലം) കാലതാമസം പരിഗണിച്ച് കരാർ കാലാവധി നീട്ടി കൊടുക്കാറുണ്ട്. എന്നാൽ കരാറുകാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചകൾ മൂലമുണ്ടാകുന്ന കാലതാമസ-ത്തിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയും കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുന:ക്രമീകരണം നടത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കാറുണ്ട്. അതോടൊപ്പം ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയ്ക്കും നടപടിയെടുക്കാറുണ്ട്. |

(ഡി) ഓരോ പ്രവൃത്തിയും നടപ്പിലാക്കുവാൻ പ്രത്യേകം നിർവ്വഹണ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ;

(ഇ) ആയതിനായി പി.ഡബ്ള്യൂ.ഡി മാന്വലിൽ ഭേദഗതി ആവശ്യമാണെങ്കിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഡി) & (ഇ) ഡിവിഷൻ തലത്തിൽ മാസംതോറും എക്സിക്യൂട്ടീവ് എഞ്ചിനീയറും മേഖലാതലത്തിൽ മൂന്നു മാസത്തിലൊരിക്കൽ സൂപ്രണ്ടിംഗ് എഞ്ചിനീയറും സംസ്ഥാനതലത്തിൽ ആറുമാസത്തിലൊരിക്കൽ ചീഫ് എഞ്ചിനീയറും പദ്ധതികൾ വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകണമെന്നും മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ